# പോലീസ് വകുപ്പ്

# കേരളം

**No. B1-16478/2022/R**

ജില്ലാ പോലീസ് ഓഫീസ്,
തൃശ്ശൂർ റൂറൽ
sptsrrl.pol@kerala.gov.in
04872361000
തീയതി. 19-04-2022

## ലേല പരസ്യം

വലപ്പാട് പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ സ്റ്റേഷൻ കെട്ടിടത്തിനു ഭീഷണിയായി നിൽക്കുന്ന നാല് മരങ്ങൾ തൃശ്ശൂർ സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07-03-2022 തിയതിയിലെ എസ് എഫ് 2-1126/22 നമ്പർ റിപ്പോർട്ട്, വലപ്പാട് പഞ്ചായത്ത് ട്രീകമ്മറ്റിയുടെ 25.03.2022 തിയതിയിലെ 1 നമ്പർ തീരുമാനം എന്നിവ പ്രകാരം **16.05.2022 തിയതി രാവിലെ 11.00 മണിക്ക് വലപ്പാട് പോലീസ് സ്റ്റേഷൻ പരിസരത്ത്** വച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

**ലേലവസ്തുക്കൾ**

| നമ്പർ | മരം ഇനം | ചുറ്റളവ് | ഉയരം | തടി (എം3) | വിറക് (എം.ടി.) |
|---|---|---|---|---|---|
| 1 | പ്ലാവ് | 135 | 4 | .800 | .309 |
| 2 | അത്തി | 110 | 6 | .434 | .201 |
| 3 | അത്തി | 65 | 2 | 0 | .150 |
| 4 | ആഞ്ഞിലി | 135 | 6 | .372 | .531 |

**നിബന്ധനകൾ.**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുമ്പ് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു അര മണിക്കൂർ മുൻപ് നിരതദ്രവ്യമായി 3000/- രൂപ വലപ്പാട് പോലീസ് സ്റ്റേഷനിൽ അടച്ച് രശീത് കൈപ്പറ്റേണ്ടതുമാണ് .
2. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിച്ചവരിൽ നിന്നും മുദ്ര വച്ച കവറിൽ ദർഘാസും സ്വീകരിക്കുന്നതാണ്. മുദ്ര വച്ച കവറിൽ ദർഘാസിനൊപ്പം തൃശ്ശൂർ റൂറൽ ജില്ലാപോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻറ് ഡ്രാഫ്റ്റും ( നിരതദ്രവ്യമായ 3000/- രൂപക്ക് തുല്യമായ തുകയുടെ ) ഉണ്ടാകേണ്ടതാണ്. കവറിൻറെ പുറത്ത് ******വലപ്പാട് പോലീസ് സ്റ്റേഷൻ ഭൂമിയിലെ മരങ്ങളുടെ ലേലത്തിൻറെ ദർഘാസ്*** * * എന്ന് എഴുതിയിരിക്കണം. മുദ്ര വച്ച കവറിൽ ദർഘാസ് സമർപ്പിക്കുവാൻ താൽപര്യമുള്ള വ്യക്തികൾക്ക് ദർഘാസ് **2022 മെയ് മാസം 13 തിയ്യതി 3 മണി വരെ** വലപ്പാട് പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാവുന്നതാണ്.
3. ലേലം അവസാനിച്ചാൽ ഉടൻ തന്നെ മുദ്ര വച്ച കവറിൽ സമർപ്പിച്ച ദർഘാസുകൾ തുറക്കുന്നതും ലേലം വിളിച്ച തുക /ദർഘാസ് തുക ഇതിൽ എതാണോ കൂടുതൽ ആയതിനു ലേലം താൽകാലികമായി ഉറപ്പിച്ച് നൽകുന്നതാണ്.
4. ലേലം താൽകാലികമായി ഉറപ്പിച്ച് കിട്ടുന്ന വ്യക്തി ലേലതുകയുടെ / ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരദ്രവ്യമായ 3000/- രൂപ കഴിച്ച് ) ഉടൻതന്നെ കെട്ടിവയ്ക്കേണ്ടതാണ്.
5. പിന്നീട് ലേലം സ്ഥിരപ്പെടുതിയതായുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ചുകഴിഞ്ഞാൽ ലേലത്തുക മുഴുവനായും സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയായ 18% വും രണ്ടും കൂടിയുള്ള ആകെ തുകയുടെ 5% വന നികുതി എന്നിവയും ചേർത്ത് തൃശ്ശൂർ റൂറൽ ജില്ലാ ഫോലീസ് ഓഫീസിലോ വലപ്പാട് പോലീസ് സ്റ്റേഷനിലോ അടക്കാവുന്നതാണ്. (വിറകിന് ചരക്ക് സേവന നികുതി ബാധകമല്ല). ആയതിനു ശേഷം ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ പോലീസ് ഭൂമ്യയിലെ /വകുപ്പിൻറെ മറ്റ് വസ്തു വകകൾക്ക് കേടുപാടുകൾ സംഭവിക്കാതെ പത്ത് ദിവസത്തിനകം മരങ്ങൾ മുറിച്ച് മാറ്റേണ്ടതാണ്.
6. ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ തന്നെ നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും.
7. ലേലം കൊണ്ട ആൾ മേൽപറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൻ കെട്ടി വച്ച നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്.

8. പുനർ ലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയത ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ്. പുനർ ലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിനു ടിയാന് അവകാശം ഉണ്ടായിരിക്കുന്നതല്ല.
9. ലേല വസ്തുക്കൾ 2022 മെയ് മാസം 13 തിയ്യതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വലപ്പാട് ഐ.എസ്.എച്ച്.ഒയുടെ അനുമതിയോടെ രാവിലെ 10 മണിക്കും 5 മണിക്കും ഇടക്കുള്ള സമയത്ത് പരിശോധിക്കാവുന്നതാണ്.
10. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിര പ്പെടുത്തുന്നതിനോ ഉള്ള അധികാരം തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.
11. ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനു ബാധകമാണ്.

Dongre

ഐശ്വര്യ പ്രശാന്ത് ഡോങ്ഗ്രെ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, കമാണ്ടൻറുമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 2. തൃശ്ശൂർ റൂറലിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 3. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് , തൃശ്ശൂർ.- വ്യാപക പരസ്യത്തിനായി. 4. സെക്രട്ടറി വലപ്പാട് പഞ്ചായത്ത് - അറിവിലേക്കായി 5. സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ, തൃശ്ശൂർ -അറിവിലേക്കായി 6. സ്റ്റോക്ക് ഫയലിലേക്ക് 7. നോട്ടീസ് ബോർഡിലേക്ക്

iAPS Internal Administrative Processing System KERALA POLICE